**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മരണാനന്തര അവയവദാനത്തെ പ്രോത്സാഹിപ്പിക്കുന്ന ' ജീവാമൃതം' സിനിമയുടെ പ്രദർശനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1916/2019/ത.സ്വ.ഭ.വ**
**തിരുവനന്തപുരം,തീയതി:04/09/2019**

പരാമർശം:- ശ്രീ . കോവൂർ കുഞ്ഞുമോൻ എം . എൽ . എയുടെ ( കുന്നത്തൂർ ) 03.05.2019 , 18.06.2019 എന്നീ തീയതികളിലെ അപേക്ഷ.

**ഉത്തരവ്**

കേരള സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ KNOS ന്റെ സഹായത്തോടെ ഇന്ത്യയിലെ ആദ്യത്തെ മസ്തിഷ്ക മരണാനന്തര അവയവദാന ചിത്രമായ ' ജീവാമൃതം' പൂർണ്ണമായും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചിത്രീകരിച്ചിട്ടുള്ളതാണെന്നും , KNOS, IMA, Medical college തിരുവനന്തപുരം, വിദ്യാഭ്യാസ വകുപ്പ് എന്നിവർ ടി ചിത്രം പ്രദർശിപ്പിക്കാനുള്ള ഉത്തരവ് അനുവദിച്ചിട്ടുണ്ടെന്നും , ആയതിനാൽ കാലിക പ്രാധാന്യമുള്ള ടി സിനിമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ടി സിനിമ കോർപ്പറേഷൻ ,മുൻസിപ്പാലിറ്റി ഉടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് തനതു ഫണ്ടിൽ നിന്നും ഇരുപതിനായിരത്തിൽ കുറയാത്ത തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്നും ശ്രീ . കോവൂർ കുഞ്ഞുമോൻ എം . എൽ . എ ( കുന്നത്തൂർ ) പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മസ്തിഷ്ക മരണാനന്തര അവയവദാന ചിത്രമായ ' ജീവാമൃതം' കോർപ്പറേഷൻ , മുനിസിപ്പാലിറ്റി ഉടങ്ങിയ തദ്ദേശ സ്വയംഭരണ -സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് , ടി സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും 20,000/- രൂപയിൽ (ഇരുപതിനായിരം) കുറയാത്ത തുക ഭരണസമിതി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട പഞ്ചായത്ത്,(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.